നം.കെ.എസ്.എ.പി.റ്റി.എ.പി-**8/1131/2017** തീയതി:**04.10.2017**

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

***(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)***

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 19-11-2016 മുതൽ 31-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.08.2017 മുതൽ 31.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ പ്രദീപ് കുമാർ എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ ഹരികുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ അരുൺകുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ജയൻ പുളിക്കൽ | 01.04.2016മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. സലിംകുമാർ.ജി | 01.04.2016 മുതൽ 30.05.2016വരെ |
| | ശ്രീമതി എൽ. വിജയമ്മ (സെക്രട്ടറി ഇൻ ചാർജ്) | 31.05.2016 മുതൽ 17.07.2016 വരെ |
| | ശ്രീ. എസ്. രാജഗോപാൽ | 18.7.2016 മുതൽ 31.03.2017വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-**1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ– അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | തനത് വരുമാനം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-**2** | |

| | | |
|---|---|---|
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി വർഷങ്ങളായി കുടിശിക | 2-1 |
| 13 | എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-2 |
| 14 | സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല | 2-3 |
| 15 | പഞ്ചായത്ത് പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന സ്വകാര്യ ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. | 2-4 |
| 16 | പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീസ് ഈടാക്കുന്നില്ല- പഞ്ചായത്തിന് വരവ് നഷ്ടം | 2-5 |
| | ഭാഗം **3** | |
| 17 | സ്റ്റേഡിയത്തിന് കളിസ്ഥലം നിർമ്മാണം- പ്രവൃത്തി ഇതേവരെ പൂർത്തീകരിച്ചില്ല | 3-1 |
| 18 | ഇല്ലാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്-പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-2 |
| 19 | കാർഷിക പദ്ധതി - അനർഹന് സബ്സിഡി നൽകി | 3-3 |
| 20 | വട്ടരി - മലേക്കീഴ് കുടിവെള്ളപദ്ധതി - പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തണമെന്ന ഓഡിറ്റ് നിർദ്ദേശം പാലിച്ചില്ല | 3-4 |
| 21 | നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയതിന് കൈപ്പറ്റ് രസീത് ലഭിക്കുന്നില്ല | 3-5 |
| 22 | ആയുർവ്വേദാശുപത്രിയ്ക്കുള്ള മരുന്നുകൾ ലഭ്യമാകാൻ ബാക്കിനിൽക്കുന്നു | 3-6 |
| 23 | ഒ.ഡി.എഫ്.പദ്ധതി-ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാന വശേഷിക്കുന്നു. | 3-7 |
| 24 | ആശ്രയ പദ്ധതി-അവലോകനം | 3-8 |
| | ഭാഗം**-4** | |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 44 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 45 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |

| | | |
|---|---|---|
| 47` | ഓഡിറ്റ് റിക്കവറി | 4-5 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 28.03.2015 തീയതിയിലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 5441261 | 7081766 | 1640505 | |
| വരവ് | 76363000 | 40403364 | | 35959636 |
| ആകെ | 81804261 | 47485130 | | 34319131 |
| ചെലവ് | 73068300 | 33143214 | | 39925086 |
| നീക്കിയിരിപ്പ് | 8735961 | 7260150 | | 1475811 |

വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി 17.01.2017 ൽ ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. മുന്നിരിപ്പ്, വരവ്, ചെലവ് തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കേണ്ടതും എല്ലാ പ്രോജക്ടുകൾക്കും ബജറ്റിൽ തുക വകയിരുത്തേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 15-06-2017 |

## 1-3 അക്കൗണ്ട് സർട്ടിഫിക്കേഷൻ - അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും, ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും, രജിസ്റ്ററുകളും സൂക്ഷ്മപരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി 11- സ്ഥാപനത്തിന്റെ എല്ലാ മുൻകാല ആസ്തികളും തിട്ടപ്പെടുത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

2. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തുനികുതി കണക്കുകൾ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 7081766 |

| | |
|---|---|
| വരവ് | 33321598 |
| ആകെ | 40403364 |
| ചെലവ് | 33143214 |
| നീക്കിയിരിപ്പ് | 7260150 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ബജറ്റ് അലോക്കേഷൻ | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 8419000 | -- | 10454836 | 10454836 | 7207252 | 3247584 |
| വികസനഫണ്ട്-എസ്.സി.പി. | 3705000 | -- | 3704985 | 3704985 | 2491650 | 1213335 |
| വികസനഫണ്ട്-ടി.എസ്.പി. | 91000 | -- | 90765 | 90765 | 30000 | 60765 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 3268000 | -- | 3268323 | 3268323 | 0 | 3268323 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 2792000 | -- | 2791509 | 2791509 | 384579 | 2406930 |
| 13ാം ധനകാര്യ കമ്മീഷൻഗ്രാന്റ് | 5183000 | -- | 5862989 | 5862989 | 4909230 | 953759 |
| പെർഫോർമൻസ് ഗ്രാന്റ് | -- | -- | 3070449 | 3070449 | 991103 | 2079346 |
| എൻ.ആർ.ഇ.ജി.എസ് | -- | 960 | 915867 | 916827 | 916267 | 560 |
| ജനറൽ പർപ്പസ് ഗ്രാന്റ് | -- | 4059924 | 6933392 | 10993316 | 8524662 | 2468654 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 42641636 | 84 | -- | 20429477 | 75 | 52.8 |

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| മേഖല | അംഗീകരിച്ച പ്രൊജക്ടുകൾ | | നടപ്പിലാക്കിയ പ്രൊജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 15 | 3137500 | 15 | 1836500 | 59 |
| സേവനം | 54 | 17495628 | 35 | 9964806 | 57 |
| പശ്ചാത്തലം | 83 | 18209420 | 27 | 5423876 | 30 |
| മേഖലാ വിഭജനത്തിൽ | 7 | 3799088 | 7 | 3204295 | 92 |

| | |
|---|---|
| പ്പെടാത്തത് | |
| ആകെ | 159 42641636 84 20429477 52.8 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 239 | 2200520 |
| വാർദ്ധക്യകാല പെൻഷൻ | 1158 | 15892965 |
| വിധവാ പെൻഷൻ | 358 | 3698660 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8 | 72060 |
| വികലാംഗ പെൻഷൻ | 174 | 1871240 |
| തൊഴിൽ രഹിത വേതനം | 7 | 12000 |

## 1-9 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2817610 | 3467549 | 649939 | (+)23 |
| നികുതിയേതര വരവുകൾ | 142773 | 186407 | 43634 | (+)31 |
| മറ്റ് വരവുകൾ | 596018 | 527097 | 68921 | (-)12 |
| ആകെ | 3556401 | 4181053 | 624652 | (+)18 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.08.2017-ൽ 12.30.പി.എം. ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 7715/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.08.2017 | 4/2017, 5/2017 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/08/2008 മുതൽ 10/09/2008 വരെ | 1997-98മുതൽ 2007-08വരെ | 18/10/2008 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ആയത് ഈടാക്കാത്തതിനാൽ ലഭിക്കേണ്ടിയിരുന്ന തനത് വരുമാനത്തിൽ പ്രതിവർഷം 348381 രൂപയുടെ കുറവ് ഉണ്ടാകുന്നു.

പുതിയ വസ്തു നികുതി ചട്ടങ്ങൾ പ്രകാരം ഗ്രാമപ്പഞ്ചായത്ത് മൊബൈൽ ടവറുകൾക്ക് നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. നിലവിൽ നികുതി നിർണ്ണയിച്ചവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | ടവറിന്റെ വിവരം | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ചിട്ടുള്ള നികുതി | ലൈബ്രറി സെസ്സ് | സേവന നികുതി |
|---|---|---|---|---|---|---|
| 1 | 1-1MT 2015-16 | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 77.34 | 38670 | 1934 | 14308 |
| 2 | 2-1/MT | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | 40 | 22000 | 1100 | 8140 |
| 3 | 4-459/MT | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 77.76 | 34992 | 1750 | 12948 |
| 4 | 5-1/MT | ഇൻഡസ് ടവർ ലിമിറ്റഡ് | 22 | 11000 | 550 | 4070 |
| 5 | 5-1/MT/ 2015-16 | ഡിഷ്നെറ്റ് വയർലെസ്സ് എയർസെൽ | 39.19 | 13717 | 686 | 5076 |
| 6 | 6-1/MT | ഇൻഡസ് മൊബൈൽ ടവർ ലിമിറ്റഡ് | 40 | 16000 | 800 | 5920 |
| 7 | 7-1/MT | റിലയൻസ് കമ്മ്യൂണിക്കേഷൻ | 14 | 8400 | 420 | 3108 |
| 8 | 7-128 | എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 15 | 7500 | 375 | 2775 |
| 9 | 9-1/MT | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 76 | 34200 | 1710 | 12654 |
| 10 | 9-2/MT | റിലയൻസ് കമ്മ്യൂണിക്കേഷൻ | 36 | 16200 | 810 | 5994 |
| 11 | 11-1/MT | ബി.എസ്.എൻ.എൽ. | 21 | 10500 | 525 | 3885 |

| | | | | | | |
|---|---|---|---|---|---|---|
| 12 | 11-2/MT | ഇൻഡസ് ടവർ ലിമിറ്റഡ് | 39.15 | 15660 | 783 | 5795 |
| 13 | 13-1/MT | വയർലെസ്സ് ഐ.റ്റി. ഇൻഫോസർവ്വീസ് ലിമിറ്റഡ് | 29.83 | 14915 | 746 | 5519 |
| 14 | 14-1/MT | ഭാരതി ഇൻഫ്രറ്റൽ ലിമിറ്റഡ് | 30 | 10550 | 525 | 3885 |
| | | ആകെ | | 254304 | 12714 | 94077 |

പുതിയ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം 01-04-2013 മുതൽ പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതായിരുന്നു. ആയത് പ്രകാരം പ്രതിവർഷം 37% സേവനനികുതി ഉൾപ്പെടെ ആകെ 348381 രൂപ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്നു. നികുതി ഈടാക്കാതെ കാലഹരണപ്പെട്ടുകയാണെങ്കിൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയാകുന്നതാണ്. നികുതി ഈടാക്കുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-2** <u>എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലേയും ജിവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്വകാര്യ സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ടെങ്കിലും, ആയതു പരിശോധിച്ച് അവരിൽനിന്ന് തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | VII/149, 150 | ഹോട്ടൽ | 7 |
| 2 | VII/175,176 | ഹോൾസെയിൽ പ്രൊവിഷൻ സ്റ്റോർ | 4 |
| 3 | XI/118 | ഫർണിച്ചർ ഇൻഡസ്ട്രീസ് | 3 |
| 4 | XIV/228 | ഹോളോ ബ്ലോക്ക് നിർമ്മാണ യൂണിറ്റ് | 2 |
| 5 | X/134 | ഹോളോ ബ്ലോക്ക് നിർമ്മാണ യൂണിറ്റ് | 4 |
| 6 | X/228B | ഇൻസ്ട്രിയൽ യൂണിറ്റ് | 5 |
| 7 | VII/82 | ഇൻസ്ട്രിയൽ യൂണിറ്റ് | 8 |
| 8 | XIV | ഇൻസ്ട്രിയൽ യൂണിറ്റ് | 4 |
| 9 | XIV | ഇന്റർലോക്ക് ടൈൽ നിർമ്മാണ യൂണിറ്റ് | 7 |
| 10 | X/7A | ഹോളോ ബ്ലോക്ക് നിർമ്മാണ യൂണിറ്റ് | 4 |
| 11 | XI/207A | ഹോളോ ബ്ലോക്ക് നിർമ്മാണ യൂണിറ്റ് | 3 |
| 12 | VII/149C | പ്രിന്റിംഗ് പ്രസ്സ് | 2 |
| 13 | XII/209 | കേറ്ററിംഗ് സർവ്വീസ് | 3 |
| 14 | IV/77 | ഇലക്ട്രിക്കൽ സെയിൽസ്& കോൺട്രാക്ട് വർക്ക്സ് | 4 |

പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ. (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5-ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നതിലൂടെ നികുതി പരിധിയിൽ നിന്നും ആരും ഒഴിവായിട്ടില്ല എന്നും ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവുണ്ടായിട്ടില്ലെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

ശ്രീ.ലിജു.റ്റി.മാത്യു, കല്ലേത്ത് ഹൗസ്, തടിയൂർ.പി.ഒ എന്ന വ്യക്തി ലിജു ഫോറിൻ മണി എക്സ്ചേഞ്ച് എന്ന പേരിൽ ഒരു വിദേശ നാണയ വിനിമയ സ്ഥാപനം പഞ്ചായത്ത് പരിധിയിൽ നടത്തുന്നുണ്ട്. ടിയാനിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസാണ് പഞ്ചായത്ത് ഈടാക്കിയിരിക്കുന്നത്. ആയത് ക്രമപ്രകാരമല്ല. ഈ സ്ഥാപനത്തിൽ നിന്നും അർദ്ധവാർഷിക ബിസിനസ്സ് വരുമാനം കണക്കാക്കി സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-4 പഞ്ചായത്ത് പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന സ്വകാര്യ ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിൽ നിന്നും ഹോസ്പിറ്റൽ രജിസ്ട്രേഷനെടുത്തിട്ടുള്ള സ്വകാര്യ ആശുപത്രികളിൽ പ്രാക്ടീസ് ചെയ്യുന്ന ചുവടെ ചേർക്കുന്ന ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| | | |
|---|---|---|
| 1 | ഡോക്ടർ.മാത്യൂസ് ജൂഡ് (ഡെന്റൽ സർജൻ) | ഡെന്റൽ ക്ലിനിക്ക്, തടിയൂർ |
| 2 | ഡോക്ടർ.ബിജു.വി.നായർ, (ഡെന്റൽ സർജൻ) | സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്, തടിയൂർ |
| 3 | ഡോക്ടർ.സരോജം.സി.എസ് | കെയർവെൽ ഹോമിയോപ്പതിക് ക്ലിനിക്ക്, തെള്ളിയൂർ |

ഇവരിൽനിന്നും അർദ്ധവാർഷിക വരുമാന പത്രികകൾ വാങ്ങി തൊഴിൽനികുതി ഈടാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-5 പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീസ് ഈടാക്കുന്നില്ല- പഞ്ചായത്തിന് വരവ് നഷ്ടം

വില്പന സാധനങ്ങൾ പ്ലാസ്റ്റിക്ക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും പ്രതിവർഷം കുറഞ്ഞത് 48000 രൂപ പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീസായി ഈടാക്കണമെന്ന സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ വലിയ തോതിലുള്ള നഷ്ടം പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 24.09.2016 ലെ 576/സി.സി.1 /ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ മാർഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം വിൽപന സാധനങ്ങൾ പ്ലാസ്റ്റിക്ക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000 രൂപ പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീസ് ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് 24.09.16 ലെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി 7/16-17/23.08.17 നുള്ള മറുപടിയിൽ സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി പറഞ്ഞിട്ടുണ്ട്. വിജ്ഞാപനം പുറപ്പെടുവിച്ച് ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്റ്റേഡിയത്തിന് കളിസ്ഥലം നിർമ്മാണം- പ്രവൃത്തി ഇതേവരെ പൂർത്തീകരിച്ചില്ല

സ്റ്റേഡിയത്തിൽ ഷട്ടിൽ ബാഡ്മിന്റൺ കോർട്ട് നിർമ്മിക്കുന്നതിനും ഫുട്ബോൾ ഗ്രൗണ്ട് നവീകരിക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിക്കായി 2014-15 ൽ ഗുണഭോക്തൃസമിതിയെ പ്രവൃത്തി ഏൽപിച്ചെങ്കിലും നാളിതുവരെ ആയത് പൂർത്തീകരിച്ചിട്ടില്ല.

15mX8m അളവിൽ ഷട്ടിൽ ബാഡ്മിന്റൺ കോർട്ട് നിർമ്മിക്കുന്നതിനായി തറ സിമിന്റ് കോൺക്രീറ്റിംഗ്, പ്ലാസ്റ്ററിംഗ്, ഉയർന്ന തരം പെയിന്റ് (acrylic based paint) ഉപയോഗിച്ച് തറ പെയിന്റിംഗ്, ജി.ഐ.പൈപ്പ് പോസ്റ്റുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളും, നിലവിലുള്ള ഫുട്ബോൾ ഗ്രൗണ്ടിന് ഗോൾ പോസ്റ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിയുമാണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്. 2014-15 ലെ പദ്ധതി പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് 22-9-14 ന് സാങ്കേതികാനുമതി ലഭ്യമാക്കി. 1-2-15 ൽ കൂടിയ ഗുണഭോക്തൃസമിതി ശ്രീ.ശിവരാജ്.ആർ, മരോട്ടിക്കുളത്ത്, എഴുമറ്റൂർ എന്നയാളെ കൺവീനരായി തെരഞ്ഞെടുത്തു. ഗുണഭോക്തൃസമിതിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, പ്രവൃത്തി ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ 13-2-15 ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

എന്നാൽ ബാഡ്മിന്റൺ കോർട്ടിന് തറ കോൺക്രീറ്റിംഗ് മാത്രമാണ് ഇതേവരെ ചെയ്തിട്ടുള്ളത്. മറ്റ് പ്രവൃത്തികളൊന്നും പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രതിഫലമായി തുകയൊന്നും നാളിതുവരെ കൺവീനർക്ക് നൽകിയിട്ടില്ല. പദ്ധതി 2016-17, 2017-18 വർഷങ്ങളിൽ സ്പിൽ ഓവർ ആയി തുടരുകയാണ്.

പ്രവൃത്തി ഏറ്റെടുത്ത് രണ്ടര വർഷത്തിന് ശേഷവും പൂർത്തീകരിക്കാതെ തുടരുന്നത് അഭിലഷണീയമല്ല. എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്തത് മൂലമുണ്ടാകുന്ന നഷ്ടത്തിന് ഗുണഭോക്തൃസമിതി കൺവീനർ ഉൾപ്പെടെ മുഴുവൻ അംഗങ്ങൾക്കും ഉത്തരവാദിത്തം ഉണ്ടെന്ന് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ ഉപചട്ടം 3 അനുശാസിക്കുന്നു. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും കാലതാമസത്തിന് ആനുപാതികമായ ഫൈൻ പ്രതിഫലത്തുകയിൽ നിന്ന് ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ഇല്ലാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

കെ.എസ്.ഇ.ബി വെണ്ണിക്കുളം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് ലഭ്യമാക്കിയ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ 16.08.14 മുതലുള്ള ചാർജ് പട്ടിക പരിശോധിച്ചതിൽ നിന്നും ഒരു മാസത്തെ നിരക്ക് കണക്കാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ചാർജ് പട്ടിക ലഭ്യമാക്കിയിട്ടില്ല. പുതുക്കിയ പട്ടിക പ്രകാരം 40288 രൂപയാണ് പ്രതിമാസ തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ പഞ്ചായത്തൊടുക്കി വരുന്നത്.

| തെരുവ് വിളക്കിന്റെ കാറ്റഗറി | എണ്ണം | വാട്ട്സ് | ബേണിംഗ് അവേഴ്സ് | റേറ്റ് | തുക |
|---|---|---|---|---|---|
| സി.എഫ്.എൽ | 69 | 22 | 12 | 14 | 966 |
| സി.എഫ്.എൽ | 25 | 11 | 12 | 7 | 175 |
| ഓർഡിനറി ബൾബ് | 412 | 40 | 12 | 61 | 25132 |
| ഓർഡിനറി ബൾബ് | 30 | 60 | 12 | 94 | 2820 |
| ഫ്ലൂറസെന്റ് ട്യൂബ് | 116 | 40 | 12 | 61 | 7076 |
| ഫ്ലൂറസെന്റ് ട്യൂബ് | 20 | 80 | 12 | 124 | 2480 |
| മെർക്കുറി വേപ്പർ ലാമ്പ് | 5 | 80 | 12 | 132 | 660 |
| ആകെ | 677 | | | | 39309 |

ചാർജ് പട്ടിക പ്രകാരം നിലവിൽ ചാർജീടാക്കുന്ന ഇനങ്ങളായ ഓർഡിനറി ബൾബ് (40 w, 60W), മെർക്കുറി വേപ്പർ ലാമ്പ് എന്നിവ കഴിഞ്ഞ മൂന്ന് വർഷങ്ങളായി പഞ്ചായത്ത് വാങ്ങിയിട്ടില്ല. പകരമായി സി.എഫ്.എൽ ബൾബുകളാണ് വാങ്ങുന്നത്. ഓർഡിനറി ബൾബുകളുടെ ശരാശരി ആയുസ്സ് 1000 മണിക്കൂറാണ്. വർഷങ്ങളായി ഇവ വാങ്ങിയിട്ടില്ലാത്തതിനാൽ പട്ടിക പ്രകാരം തുക ഈടാക്കുന്ന ഇവയൊന്നുംതന്നെ നിലവിലില്ലെന്നനുമാനിക്കാവുന്നതാണ്. എന്നാൽ പ്രതിമാസ വൈദ്യുതി ചാർജിന്റെ സിംഹഭാഗവും (28612രൂപ) ഓർഡിനറി ബൾബുകളുടെ ചാർജാണ്. ആകെയുള്ള 677 തെരുവ് വിളക്കുകളിൽ 447 എണ്ണവും ഓർഡിനറി ബൾബുകളും മെർക്കുറി വേപ്പർ ലാമ്പുകളുമാണ്. ഇത്രയും ബൾബുകൾ 11W സി.എഫ്.എൽ ബൾബുകളാണെങ്കിൽ 3129 രൂപ മാത്രമെ ഈയിനത്തിൽ പ്രതിമാസം ചെലവാകുകയുള്ളൂ (28612-3129=25483). ഇതിൽത്തന്നെ 25483 രൂപ പഞ്ചായത്തിന് പ്രതിമാസം ലാഭിക്കാവുന്നതാണ്. പ്രതിവർഷ ലാഭം 305796 രൂപയാണെന്നു കണക്കാക്കാം. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി തൻവർഷം പ്രോജക്ട് വെച്ച് തുകയൊടുക്കിയിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബിയുടെ ഭാഗത്തുനിന്നും മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. മീറ്ററുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അടിന്തിര നടപടികൾ സ്വീകരിക്കേണ്ടതും ഈയിനത്തിലുള്ള ദുർവ്യയം തടയേണ്ടതുമാണ്.

## 3-3 കാർഷിക പദ്ധതി - അനർഹന് സബ്സിഡി നൽകി

വാഴകൃഷി ചെയ്യുന്ന കർഷകർക്ക് ജൈവവളം, രാസവളം, കുമ്മായം എന്നീ ഇനങ്ങളിൽ സബ്സിഡി നൽകുന്നതിന് കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥ ആയി (SO17/17 -വികസനഫണ്ട് അടങ്കൽ 500000) നടപ്പിലാക്കിയ പദ്ധതിയിൽ അനർഹനായ ഗുണഭോക്താവിനെ ഉൾപ്പെടുത്തി ആനുകൂല്യം നൽകി.

34 കർഷകർക്കായി ജൈവവളം, രാസവളം, കുമ്മായം എന്നിവയ്ക്ക് സബ്സിഡി ഇനത്തിൽ 27-2-17 ലെ 1/16-17 നംപർ ബിൽ പ്രകാരം 274000 രൂപ ആണ് ചെലവഴിച്ചത്. പന്ത്രണ്ടാം പദ്ധതി നിർവ്വഹണം സംബന്ധിച്ച പുതുക്കിയ മാർഗ്ഗരേഖ ജി.ഒ.എം.എസ് 4/16/തസ്വഭവ തീയതി 11-1-16 പ്രകാരം നാമമാത്ര കർഷകർക്കോ (ഒരു ഹെക്ടറോ അതിൽ കുറവോ ഭൂമി സ്വന്തമായുള്ളവർ), ഒരു ഹെക്ടർ വരെ പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾക്കോ വ്യക്തികൾക്കോ ആണ് ജൈവവളം, രാസവളം, കുമ്മായം എന്നീ ഇനങ്ങളിൽ സബ്സിഡിക്ക് അർഹതയുള്ളത്. എന്നാൽ ഒരു ഹെക്ടറിൽ കൂടുതൽ ഭൂമി സ്വന്തമായുള്ള ചുവടെ പറയുന്ന ചെറുകിട കർഷകന് സബ്സിഡി ആനുകൂല്യം നൽകിയത് ക്രമവിരുദ്ധമാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, സർവ്വേ നംപർ | സ്വന്തമായുള്ള ഭൂമിയുടെ വിസ്തീർണ്ണം | സബ്സിഡി ആയി നൽകിയ തുക |
|---|---|---|---|
| 1 | ഫിലിപ് തോമസ്, പുത്തൻപറമ്പിൽ, തെള്ളിയൂർ 20/4 | 2 ഹെക്ടർ 5ആർ 67.07 ആർ | 33903 |

പ്രസ്തുത ഗുണഭോക്താവ് കൃഷി ചെയ്ത ഭൂവിസ്തൃതി എത്രയാണെന്ന് ബന്ധപ്പെട്ട വാല്യുവേഷൻ റിപ്പോർട്ടിലോ അപേക്ഷയിലോ രേഖപ്പെടുത്തിയിട്ടില്ല. അർഹത ബോധ്യപ്പെടാതെയാണ് ആനുകൂല്യം നൽകിയത് എന്ന് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ഗുണഭോക്താവിന് ആനുകൂല്യം നൽകുന്നതിന് ചെലവഴിച്ച 33903 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആനുകൂല്യം ലഭിച്ച ഗുണഭോക്താവിന്റെ അർഹത വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-4 വട്ടരി - മലേക്കീഴ് കുടിവെള്ളപദ്ധതി - പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തണമെന്ന ഓഡിറ്റ് നിർദ്ദേശം പാലിച്ചില്ല

പന്ത്രണ്ടാം വാർഡിലെ കാരമലയിൽ നിന്നും വട്ടരി - മലേക്കീഴ് കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷന് വേണ്ടി 2010-11 മുതൽ 2015-16 വരെ 6394104 രൂപ പഞ്ചായത്ത് വാട്ടർ അതോറിറ്റിയിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് പ്രവൃത്തിക്ക് പല തവണകളായി തുക ഡെപ്പോസിറ്റ് ചെയ്തത് എന്നും പ്രവൃത്തിയുടെ വിശദമായ വാല്യവേഷൻ എടുക്കണമെന്നും 2014-15 ലെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. പ്രവൃത്തി ഇപ്പോൾ പൂർത്തീകരിച്ച നിലയിലാണ് എന്നും, എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്ന് പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നും ഗ്രാമപഞ്ചായത്ത് അധികൃതർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം സംബന്ധിച്ച രേഖകൾ വാങ്ങുന്നതിന് ഗ്രാമപ്പഞ്ചായത്ത് ഇതേവരെ നടപടി സ്വീകരിച്ചില്ല.

ഒരു ബൃഹദ്പദ്ധതിയുടെ പൂർത്തീകരണഘട്ടത്തിലും, പ്രവൃത്തിയുടെ മൂല്യനിർണ്ണയം സംബന്ധിച്ച രേഖകൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്ന ഓഡിറ്റ് നിർദ്ദേശം അവഗണിക്കുന്നത് അഭിലഷണീയമല്ല. പ്രവൃത്തിയുടെ വർക്ക് ബില്ലിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് വാങ്ങേണ്ടതും നൽകിയ ഡെപ്പോസിറ്റ് തുക അതനുസരിച്ച് ക്രമീകരിക്കേണ്ടതുമാണ്.

## 3-5 നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയതിന് കൈപ്പറ്റ് രസീത് ലഭിക്കുന്നില്ല

തൻവർഷം വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ തുക ഒടുക്കിയെങ്കിലും അവയ്ക്ക് കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | പ്രവൃത്തിയുടെ പേര് | നിർമ്മാ ണത്തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയത് |
|---|---|---|
| 1 | ഇണ്ടനാട്ട് ച്ചഴന റോഡ് കോൺക്രീറ്റിംഗ് | 1400 |
| 2 | ചൊടയിൽപ്പടി മുളക്കൻപാറ റോഡ് കോൺക്രീറ്റിംഗ് | 1843 |
| 3 | പാറപൊട്ടാനി മേലേപുരയിടം റോഡ് കോൺക്രീറ്റിംഗ് | 2005 |
| 4 | കൈമല സെറ്റിൽമെന്റ് റോഡ് കോൺക്രീറ്റിംഗ് | 1244 |
| 5 | കാഞ്ഞിരത്തുമൂറി തോമ്പിൽ റോഡ് കോൺക്രീറ്റിംഗ് | 3268 |
| 6 | പുതുക്കുടി എരുത്തിക്കൽ റോഡ് കോൺക്രീറ്റിംഗ് | 3394 |
| 7 | നിരവുമ്പുറത്ത് പടി ശ്രീകണ്ഠേശ്വരത്ത് ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 2475 |
| 8 | ഇടക്കാട് ചൂരനോലി സൺഡേസ്കൂൾ റോഡ് കോൺക്രീറ്റിംഗ് | 1499 |
| 9 | പാറക്കടവ് ഒട്ടുമാങ്കൽ റോഡ് കോൺക്രീറ്റിംഗ് | 1258 |
| 10 | വെള്ളാങ്കൽ പള്ളിക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | 1053 |
| 11 | തെള്ളിയൂർ പി.എച്ച്.സി യിൽ ടോയ് ലറ്റ് ബ്ലോക്ക് | 3000 |
| 12 | കൊടിയമ്പലം ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് | 297 |
| 13 | പഞ്ചായത്ത് ഓഫീസിൽ ടോയിലറ്റ് കോംപ്ലക്സ് | 1526 |
| 14 | പാറ പൊട്ടാന്നി മേലേപുരയിടം റോഡ് കോൺക്രീറ്റിംഗ് | 2432 |
| 15 | പെരുമ്പറക്കാട് മുതുപാല റോഡ് കോൺക്രീറ്റിംഗ് | 4680 |
| 16 | ആശ്രമം താന്നിക്കൽ റോഡ് കോൺക്രീറ്റിംഗ് | 3130 |
| 17 | വേങ്ങഴത്തടം കിളിയന്കാവ് റോഡ് കോൺക്രീറ്റിംഗ് | 2485 |
| 18 | തൊട്ടിയിൽ പടി റോഡ് കോൺക്രീറ്റിംഗ് | 2486 |
| 19 | കട്ടോലിപ്പാറ പരിജൻകോളനി റോഡ് കോൺക്രീറ്റിംഗ് | 2485 |

ക്ഷേമനിധിബോർഡിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയുടെ ഔദ്യോഗിക കൈപ്പറ്റ് രസീത് വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ആയുർവ്വേദാശുപത്രിയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

ആയുർവ്വേദാശുപത്രിയ്ക്ക് അവശ്യ മരുന്നുകൾ വാങ്ങുന്നതിനായ് 2016-17 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, ആയുർവ്വേദം നിർവ്വഹണോദ്യോഗസ്ഥയായി പ്രോജക്ട് നം. S00113/17 പ്രകാരം കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിലേക്ക് 215000 രൂപ (വികസനഫണ്ട്, ജനറൽ-115000 + മെയിന്റനൻസ് ഫണ്ട്, നോൺ റോഡ്-100000) അടവാക്കിയെങ്കിലും (ബിൽ.നം 01/16-17 തീയതി 31.01.17-Rs.100000/- ബിൽ നം.2/16-17 dtd.25.03.17, Rs-115000) മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

75260/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകാനുണ്ട്. ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ മെഡിക്കൽ ഓഫീസറുമായി 11.03.2017ൽ എക്സിക്യൂട്ട് ചെയ്ത എഗ്രിമെന്റ് പ്രകാരം മരുന്നുകൾ 60 ദിവസത്തിനുള്ളിൽ പൂർണ്ണമായും സപ്ലൈ ചെയ്യേണ്ടതാണ്. എന്നാൽ നാളിതുവരെയും മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കാത്തതിനാൽ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട് ആയത് ലഭ്യമാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-7 ഒ.ഡി.എഫ്.പദ്ധതി-ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു.

ഒ.ഡി.എഫ്. പദ്ധതിയുടെ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റാൻ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് |
|---|---|
| 1 | അനിയൻ, പയ്യോലിക്കൽ, തെള്ളിയൂർ |
| 2 | സാലിക്കുട്ടി വി.എം., വഞ്ചികപ്പാറ, തെള്ളിയൂർ |
| 3 | ഗീതവിജയൻ,മലേക്കീഴ്, എഴുമറ്റൂർ |
| 4 | ഷേർളി ജയൻ, കരിക്കാട്ടിൽ, തെള്ളിയൂർ |
| 5 | ശശിധരൻ എം.ഒ, ഓലിക്കൽകുഴിക്കാലായിൽ, തടിയൂർ |
| 6 | സുജ എ.പി, വട്ടരിയിൽ, എഴുമറ്റൂർ |
| 7 | ജോബിൻ പി.ജോൺ, പള്ളിത്താഴെ, എഴുമറ്റൂർ |
| 8 | ലതാകുമാരി സി.എൻ, മുഞ്ഞനാട്ടുശ്ശേരി, തെള്ളിയൂർ |
| 9 | ബാബു. പി.സി, പള്ളിക്കൽ, തെള്ളിയൂർ |
| 10 | ഉത്തമൻ.പി.എ., പ്ലാന്തോട്ടത്തിൽ, വാളക്കുഴി.പി.ഒ. |
| 11 | ഗോപാലൻ കെ, അഞ്ചാനിൽ, എഴുമറ്റൂർ |
| 12 | സബീനാമോൾ, പുറമലപുത്തേടത്ത്, വാളക്കുഴി |

ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ആശ്രയ പദ്ധതി-അവലോകനം

ഗ്രാമപഞ്ചായത്തിൽ നിലവിൽ രണ്ട് ഘട്ടങ്ങളിലായുള്ള ആശ്രയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഭക്ഷണവിതരണം, പഠന ധനസഹായം, വസ്ത്ര വാങ്ങി വീട് വച്ച് നൽകൽ, വീട് പുനരുദ്ധാരണം തുടങ്ങിയ ഇനങ്ങളിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 65 ഉം രണ്ടാം ഘട്ടത്തിൽ 79 ഉം ഗുണഭോക്താക്കൾ ഉണ്ട്. തൻവർഷം ഒരു ഗുണഭോക്താവിന് വസ്തുവാങ്ങി നൽകിയിട്ടുണ്ട്. 3 പേർക്ക് ഭവനപുനരുദ്ധാരണത്തിന് സഹായം നൽകിയിട്ടുണ്ട്. പൊതുവേ ആശ്രയപദ്ധതിയുടെ തൻവർഷത്തെ നടത്തിപ്പ് തൃപ്തികരമാണ്.

2017-18 ൽ 3 പേർക്ക് പുതിയ വീട് നിർമ്മിക്കുവാൻ ആദ്യ ഗഡു ധനസഹായം നൽകിയിട്ടുണ്ട്. ഇവർ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതിയുടെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

ഒന്നാംഘട്ടം **(2017 ജൂലൈ വരെ)**

| വരവ് | | ചെലവ് | |
|---|---|---|---|
| ചലഞ്ച് ഫണ്ട് | 712000 | ഭക്ഷണം | 60300 |
| കമ്പ്യൂട്ടർ ഫണ്ട് | 200000 | പഠനം | 15000 |
| പ്ലാൻഫണ്ട്-മെയിന്റനൻസ് | 200000 | വീട് പുനരുദ്ധാരണം | 90000 |
| പ്ലാൻഫണ്ട്-കടിവെള്ളം | 165000 | കമ്പ്യൂട്ടർ വാങ്ങിയത് | 165250 |
| പ്ലാൻഫണ്ട് | 500000 | | |

രണ്ടാംഘട്ടം **(2017 ജൂലൈ വരെ)**

| വരവ് | | ചെലവ് | |
|---|---|---|---|
| പ്ലാൻഫണ്ട് | 1000000 | ഭക്ഷണം | 185346 |
| | | പഠനം | 40000 |
| | | വസ്ത്ര വാങ്ങൽ | 172000 |
| | | ഭവന നിർമ്മാണം | 170000 |
| | | വീട് പുനരുദ്ധാരണം | 75000 |
| | | വസ്ത്രവാങ്ങൽ പരസ്യചെലവ് | 4480 |

പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടരേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 100000 | 9/17-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ആനുകൂല്യങ്ങളും | 97100 | 2900 |
| മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 150000 | 87/17-അത്യാൽ–മേത്താനം റോഡ് കോൺക്രീറ്റിംഗ് | 150000 | 0 |
| മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 150000 | 90/17-തൊട്ടിയിൽപ്പടി-പറങ്ങാമൂട്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 150000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | വൗച്ചർനം/ ചെക്ക് നം, തീയതി | നിർവ്വഹണ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 6/17 | സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | 424000 | 21600887/ 27.03.17 | കെ.എസ്.എ.ബി. | പൂർത്തീകരണ വിവരം ഇല്ല |
| 2 | 167/17 | തെക്കേമുറിപടി-വാഴക്കാലാപടി കുഴൽകിണർ ഹാൻഡ് പമ്പ് സ്ഥാപിക്കൽ | 28000 | 21600916/ 30.03.17 | ഭൂജല വകുപ്പ്, പത്തനംതിട്ട | പൂർത്തീകരണ വിവരം ഇല്ല |
| 3 | 130/17 | പഞ്ചായത്ത് റെസ്റ്റ് റൂം വൈദ്യുതീകരണം | 34800 | 21600963/ 31.03.17 | പി.ഡബ്ല്യു.ഡി | പൂർത്തീകരണ വിവരം ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെയും തിരിച്ചടവിന്റേയും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 40403364 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33143214 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33903 |

**(ബി)** ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| |
|---|
| ഇല്ല |

**(സി)** ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 33903 | ശ്രീമതി കുസുമം തോമസ്, കൃഷി ഓഫീസർ |
| ആകെ | **33903** | |

**(ഡി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഇ)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(എഫ്)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി കുസുമം തോമസ്,കൃഷി ഓഫീസർ | അസി. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ | അൻപതിൽചിറ, കൊട്ടപ്പന പി.ഒ., ആലപ്പുഴ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 2/769/2000 തീയതി 07-11-2001 | - |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി 3/177/2004 തീയതി 02-11-2004 | - |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/683/05തീയതി 03-01-2016 | - |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി.3/178/2004 തീയതി 02-11-2004 | 7 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.3/683/2005 തീയതി 03-01-2006 | - |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി 8/462/2007തീയതി 12-12-2011 | 19 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി3/389/2005 തീയതി 05-05-2006 | 12 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി5/676 /2011തീയതി 09-12-2011/27-07-2012 | 14 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.5/677/2011 തീയതി 12-12-2011/28-07-2012 | 28 |
| 2006-07 -- 2010-11 | എൽ.എഫ്.പി.റ്റി.എ-പി.8/975/12 തീയതി 23-03-2013/03-06-2014 | - |
| 2011-12 -- 2012-13 | എൽ.എഫ്.പി.റ്റി.എ-പി 8/538/14 തീയതി 26-08-2014/17-03-2015 | - |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി 8/531/15 | - |

| | | |
|---|---|---|
| | തീയതി 29-06-2015 | |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.8/601/16 തീയതി 01-06-2016 | - |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.8/1351/16 തീയതി 24.12.2016 | - |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

**അനുബന്ധം-1**

നം.കെ.എസ്.എ.പി.റ്റി.എ.പി.8/1131/2017 തീയതി 04.10.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

**Annexure – 1**

No.KSAPTA-P.8/1131/2017 Dated 04.10.2017

**CERTIFICATE**

Certified that I have examined the Annual Financial Statement of **Ezhumattoor Grama Panchayat** in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Ezhumattoor Grama Panchayat** for the year 2016-17 except the obeservations of my report properly presents the picture of income and expenditure.

**Habeeb Mohammed**

**Deputy Director**

**Kerala State Audit Department**

**Pathanamthitta**